രാഷ്ട്രീയത്തിലോ വ്യവസായത്തിലോ പ്രൊഫെഷനുകളിലോ സ്ത്രീകൾക്ക കൈവരുന്ന നേതൃത്വവും പ്രാമാണ്യവും അവരുടെ കുടുംബജീവിതത്തിന്റെ ഭദ്രത തകർത്തുകളയാനുള്ള സാധ്യത ഇന്ത്യയിൽ കുറവല്ല. ഭാര്യയുടെ പദവി ഭർത്താവിന്റെ അഹന്തയെയും അഭിമാനത്തെയും പ്രതികൂലമായി ബാധിച്ചുകൂടായ്കയില്ല. ഈ വസ്തുത നല്ലപോലെ അറിയാവുന്നതുകൊണ്ടുകൂടിയാവണം വിദ്യാഭ്യാസഘട്ടത്തിൽ വളരെയധികം പ്രാഗല്ഭ്യം തെളിയിച്ച പല സ്ത്രീകളും നിതാന്തവിരസങ്ങളായ ലഘുജോലികൾ സ്വീകരിച്ച് അടങ്ങിയൊതുങ്ങി ജീവിതം കഴിച്ചുകൂട്ടുന്നത്.

ശാസ്ത്ര–സാങ്കേതിക–മാനസിക വിഷയങ്ങളിൽ ഏറ്റവും ഉയർന്ന വിദ്യാഭ്യാസം നേടിയതിനുശേഷവും സ്ത്രീയുടെ മുഖ്യപ്രവൃത്തിരംഗം കുടുംബമാണെങ്കിൽ സ്ത്രീവിദ്യാഭ്യാസത്തിലെ മുഖ്യവിഷയം ഗൃഹശാസ്ത്രം (ഹോംസയൻസ്) ആകുന്നതല്ലേ യുക്തിസംഗതം? പടിഞ്ഞാറെ ബംഗാളിൽ ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച പ്ലാനിങ് കമ്മീഷൻ 1984–ൽ അവിടത്തെ ഗവണ്മെന്റിനു സമർപ്പിച്ച ശുപാർശയിൽ ഗൃഹശാസ്ത്രവിദ്യാഭ്യാസം വികസിപ്പിക്കേണ്ടതിന്റെ അടിയന്തരാവശ്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ആധുനിക ജീവിതത്തിന്റെ ചുറ്റുപാടുകൾ അനുസരിച്ച് കുടുംബജീവിതം രൂപപ്പെടുത്താനും കുടുംബത്തിലും സമൂഹത്തിലും സമാധാനത്തിന്റെയും സന്തുഷ്ടിയുടെയും നൈതികവും ആധ്യാത്മികവുമായ സൗഖ്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ച നിലവിൽ വരുത്താനും ഗൃഹശാസ്ത്രവിദ്യാഭ്യാസവികസനം പ്രയോജനപ്പെടുമെന്നായിരുന്നു ഈ കമ്മീഷന്റെ നിഗമനം.

'മിടുക്കികൾ എവിടെപ്പോകുന്നു?' എന്ന ചോദ്യത്തിനു് ഇപ്പോൾ ഉത്തരം ലഭിച്ചിരിക്കുമെന്നു കരുതുന്നു. അവരിൽ ഭൂരിഭാഗവും പാരമ്പര്യരീതിയിലുള്ള കുടുംബജീവിതത്തിലേക്കാണു പോകുന്നതു്. തീപ്പെട്ടിക്കോൽപോലെ ഒരു നിമിഷം ജ്വലിച്ച് ചന്ദനത്തിരിപോലെ ദീർഘകാലം പുകയുകയാണു് അവരുടെ ജീവിതഭാഗധേയം.

29 ജൂലൈ, 1989

# 72. ഹരിദാസ സ്വാമി

ടെലിവിഷൻ ഇന്ത്യയിലെ സാധാരണജനങ്ങളുടെ പ്രധാനപ്പെട്ട വിനോദോപാധിയായി തീർന്നിരിക്കുകയാണല്ലൊ? ദക്ഷിണേന്ത്യയിലെ കർണാടകസംഗീതത്തിനും ഭരതനാട്യം, മോഹിനിയാട്ടം, കഥകളി, കുച്ചിപ്പുഡി മുതലായ നൃത്തരൂപങ്ങൾക്കും ഉത്തരേന്ത്യയിലും ഉത്തരേന്ത്യയിലെ ധ്രുപദ്, ഖയാൽ മുതലായ സംഗീതരൂപങ്ങൾക്കും കഥക്, മണിപുരി, ഒഡീസി മുതലായ നൃത്തരൂപങ്ങൾക്കും ദക്ഷിണേന്ത്യയിലും കൂടുതൽ ആസ്വാദകർ ഉണ്ടായിവരുന്നു എന്നതാണു് ടെലിവിഷന്റെ പ്രചാരത്തിന്റെ ഒരു സൽഫലം.

ഉത്തരേന്ത്യയിലായാലും ദക്ഷിണേന്ത്യയിലായാലും സംഗീതം, വാദ്യം, നൃത്യം, അഭിനയം എന്നീ രംഗകലകളുടെ ആദിമസ്രോതസ്സായി കണക്കാക്കപ്പെടുന്നതു് ഭരതമുനി രചിച്ച 'നാട്യശാസ്ത്രം' എന്ന പ്രാചീന സംസ്കൃത ഗ്രന്ഥമാണു്. ഇന്ത്യയിലെ ക്ലാസ്സിക്കൽ സംഗീതകലയുടെ അടിസ്ഥാനതത്ത്വങ്ങളിലെങ്കിലും ഐകരൂപ്യം സഹസ്രാബ്ദങ്ങളിലൂടെ നിലനിർത്തുന്നതിനു് 'നാട്യശാസ്ത്രം' സഹായിക്കുകയുണ്ടായി. ക്ലാസിക്കൽ കലകളെ 'മാർഗം' എന്നും പ്രാദേശിക കലകളെ 'ദേശി' എന്നും വിഭജിച്ച വിവരിക്കുക ഇന്ത്യയിലെ പ്രാചീന സമ്പ്രദായമായിരുന്നു. ഭാരതീയ മാർഗ (ക്ലാസിക്കൽ) സംഗീത–നൃത്ത–അഭിനയങ്ങൾ

സംബന്ധിച്ച എല്ലാ പിൽക്കാലഗ്രന്ഥങ്ങളും പ്രമാണമായി അംഗീകരിച്ചിട്ടുള്ളതു് 'നാട്യശാസ്ത്ര'ത്തെയാകുന്നു.

ക്രിസ്തുവർഷം 1000–മാണ്ടിനടുത്തു് മഹമൂദ് ഗസ്നിയുടെ ആക്രമണങ്ങളെത്തുടർന്നു് ഉത്തരേന്ത്യയിലെ ജനജീവിതം താറുമാറായിത്തീർന്നു. സമാധാനത്തിന്റെ കാലാവസ്ഥ പിന്നീടു് ഉത്തരേന്ത്യയിൽ ഒരളവോളമെങ്കിലും തിരിച്ചുവന്നതു് ക്രിസ്തുവർഷം പതിനാറാം ശതകത്തിന്റെ മധ്യത്തിൽ മുഗൾചക്രവർത്തിയായ അക്ബർ ഭരണം ആരംഭിച്ചതോടെയാണു്. അഞ്ഞൂറിലേറെ വർഷങ്ങൾ നീണ്ടുനിന്ന ഈ അവ്യവസ്ഥയുടെ കാലഘട്ടത്തിൽ ഉത്തരേന്ത്യയിലെ ക്ലാസിക്കൽ കലകൾക്കു് ഏറെക്കുറെ വംശനാശംതന്നെ വന്നുപെട്ടു. അതേ സമയം താരതമ്യേന സമാധാനപൂർണമായിരുന്ന ദക്ഷിണേന്ത്യയിൽ ഇന്ത്യൻ ക്ലാസിക്കൽ കലകളുടെ പാരമ്പര്യം നഷ്ടപ്പെടാതെ നിലനിന്നു.

മുസ്ലിം ആക്രമണകാരികളോടൊപ്പം അറബി–പേർഷ്യൻ–മദ്ധ്യേഷ്യൻ സംഗീതസമ്പ്രദായങ്ങളും ഉത്തരേന്ത്യയിലെത്തി. പതിമൂന്നാം ശതകത്തിന്റെ അവസാനത്തിൽ ദില്ലി സുൽത്താൻ ആയിരുന്ന അലാവുദീൻഖിൽജിക്കു സംഗീതത്തിൽ താല്പര്യമുണ്ടായിരുന്നു. ഖിൽജിയുടെ സേനാപതിയായിരുന്ന മാലിക് കാഫൂർ ദക്ഷിണേന്ത്യയിൽ വലിയ തോതിൽ ആക്രമണങ്ങൾ നടത്തുകയുണ്ടായി. തിരിച്ചു പോകുമ്പോൾ മാലിക് കാഫൂർ ദക്ഷിണേന്ത്യയിലെ പല കലാകാരന്മാരെയും തന്നോടൊപ്പം പിടിച്ചുകൊണ്ടുപോയത്രെ. ആന്ധ്രപ്രദേശത്തുകാരനായിരുന്ന ഗോപാൽ നായക് എന്ന സംഗീതജ്ഞനായിരുന്നു ഇവരിൽ ഒരാൾ. ഉത്തരേന്ത്യയിൽ ഭാരതീയ–ശാസ്ത്രീയ–സംഗീതത്തിന്റെ പുനഃസ്ഥാപകൻ ഗോപാൽനായക് ആയിരുന്നു. പേഴ്സ്യൻ–ഇന്ത്യൻ ക്ലാസിക്കൽ സംഗീതസമ്പ്രദായങ്ങൾ സംയോജിപ്പിച്ചു് ആധുനിക ഉത്തരഭാരതീയ (ഹിന്ദുസ്ഥാനി) സംഗീതസമ്പ്രദായം വികസിപ്പിച്ചു് എടുക്കുന്നതിൽ ഗോപാൽനായകും അദ്ദേഹത്തിന്റെ ശിഷ്യന്മാരും നിർവഹിച്ച സേവനം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

ബംഗാളിലെ നവദ്വീപത്തിൽ, ക്രിസ്തുവർഷം 1486–ൽ പിറന്ന ശ്രീകൃഷ്ണ ചൈതന്യ മഹാപ്രഭു ഭക്തിപ്രധാനമായ വൈഷ്ണവമതത്തിനു് ഉത്തരാപഥത്തിൽ പുനരുജ്ജീവനം നൽകി. ശ്രീകൃഷ്ണന്റെ ബാല്യകാലലീലകളുടെ രംഗമായിരുന്ന വൃന്ദാവനത്തിനു് ഒരു പുണ്യഭൂമിയെന്ന നിലയിൽ പ്രതിഷ്ഠ നൽകിയതു് ചൈതന്യനും ശിഷ്യരുമായിരുന്നു. ചൈതന്യൻ പ്രചരിപ്പിച്ച ആരാധനാസമ്പ്രദായത്തിൽ സംഗീതത്തിനും നൃത്തത്തിനും അഭിനയത്തിനും വിശിഷ്ടമായ സ്ഥാനം നൽകപ്പെട്ടിരുന്നു. കബീർ, സൂരദാസ്, തുളസീദാസ്, മീരാബായി മുതലായ ഉത്തരേന്ത്യയിലെ സുപ്രസിദ്ധ ഗാനനിർമാതാക്കൾ ജീവിച്ചിരുന്നതും ഇക്കാലത്തുതന്നെ.

ക്രിസ്തുവർഷം 1542_ൽ പിറന്ന അക്ബർ പതിനെട്ടാം വയസ്സിൽ, 1560–ൽ ഭരണഭാരം കൈയേററു. പടയോട്ടങ്ങൾക്കു വലിയ കുറവൊന്നും ഉണ്ടായില്ലെങ്കിലും 1605–ൽ അക്ബർ മരിക്കുന്നതുവരെയുള്ള അരനൂററാണ്ടു കാലം ഉത്തരേന്ത്യൻ സംഗീതത്തിന്റെ ചരിത്രത്തിൽ ഒരു സ്വർണയുഗമായാണു് കണക്കാക്കപ്പെടുന്നതു്. സംഗീതതൽപരനായിരുന്ന അക്ബർ ചക്രവർത്തിയുടെ സദസ്യരിൽ പ്രമുഖനായിരുന്നു സംഗീതാചാര്യനായിരുന്ന താൻസേൻ. താൻസേന്റെ സംഗീതപ്രതിഭ ബാല്യത്തിൽതന്നെ കണ്ടറിഞ്ഞു് അദ്ദേഹത്തിനു ക്ലാസിക്കൽ സംഗീതത്തിൽ വിദഗ്ദ്ധശിക്ഷണം നൽകിയതു് ഹരിദാസസ്വാമിയായിരുന്നു. ദക്ഷിണേന്ത്യൻ(കർണാടക)സംഗീതത്തിൽ ത്യാഗരാജസ്വാമിക്കുള്ള അതേ ബഹുമാന്യപദവിയാണു് ഉത്തരേന്ത്യൻ (ഹിന്ദുസ്ഥാനി) സംഗീതത്തിൽ താൻസേന്റെ ഗുരുവായ ഹരിദാസസ്വാമിക്കു നൽകപ്പെട്ടിട്ടുള്ളതു്. ആണ്ടുതോറും തിരുവൈയാറിൽ നടത്തിവരുന്ന ത്യാഗരാജോത്സവംപോലെ പ്രശസ്തിയാർജ്ജിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും 1966 മുതൽ വൃന്ദാവനത്തിലും 1979മുതൽ ദില്ലിയിലും നടത്തിവരുന്ന 'സ്വാമിഹരിദാസ് സ്മൃതി സമാരോഹ'വും അനേകം സംഗീതപ്രേമികളെ ആകർഷിച്ചുതുടങ്ങിയിട്ടുണ്ടു്.

ക്രിസ്തുവർഷം 1478-നും 1578-നും ഇടയ്ക്കാണ് ഹരിദാസസ്വാമി ജീവിച്ചിരുന്നത്. കൃഷ്ണഭക്തിപ്രസ്ഥാനത്തിൽ ഒരു പുതിയ ഗുരുശിഷ്യപരമ്പര അദ്ദേഹം സ്ഥാപിച്ചു. സംഗീതത്തെയും നൃത്തത്തെയും മതസാധനയുടെ അവിഭാജ്യഭാഗങ്ങളായി അദ്ദേഹം കണക്കാക്കി. ഹിന്ദുസ്ഥാനി സംഗീതത്തിലെ ധ്രുപദ് (ധ്രുവപദം), ധമാർ എന്നീ ശൈലികളുടെ സ്ഥാപകനോ പരിഷ്കർത്താവോ ആയി അദ്ദേഹത്തെ കണക്കാക്കിവരുന്നു. 'കേളിമാൽ' എന്ന വ്രജഭാഷാഗ്രന്ഥമാണ് അദ്ദേഹത്തിന്റെ മുഖ്യകൃതി. 'രാസലീല' എന്ന നൃത്യനാടകത്തിനു വ്രജഭൂമിയിൽ അദ്ദേഹം പ്രചാരം നൽകി. കഥക്‌നൃത്യസമ്പ്രദായത്തെ കൃഷ്ണഭക്തിയുടെ ഉത്തേജനത്തിനു പററുമാറ് അദ്ദേഹം പരിഷ്കരിച്ചതായും പറയപ്പെടുന്നു.

ഗായകനും വാഗ്ഗേയകാരനുമെന്നതിലേറെ ഭക്തനും മതാചാര്യനുമായിരുന്നു ഹരിദാസസ്വാമി. കല അദ്ദേഹത്തിന് ഈശ്വരാരാധനയ്ക്കുള്ള ഉപാധി മാത്രമായിരുന്നു. അക്ബറുടെ സദസ്യനായിരുന്ന താൻസേൻ ഹരിദാസസ്വാമിയുടെ ശിഷ്യനായിരുന്നുവെന്നു പറഞ്ഞുവല്ലോ. ഹരിദാസസ്വാമിയുടെ പാട്ടു കേൾക്കാൻ അക്ബർ അതിയായി ആഗ്രഹിച്ചിരുന്നുവെങ്കിലും ചക്രവർത്തിയുടെ മുമ്പിൽ പാടാൻ സ്വാമി തയ്യാറായില്ല. അതിനാൽ താൻസേന്റെ ഭൃത്യന്റെ വേഷം ധരിച്ച് അക്ബർ വൃന്ദാവനത്തിൽ 'നിധിബൻ' എന്ന സ്ഥലത്തുള്ള ഹരിദാസാശ്രമം സന്ദർശിക്കുകയും സ്വാമിയുടെ നിത്യഭജനയിൽ പങ്കുകൊള്ളുകയുംചെയ്തു.

ക്രിസ്തുവർഷം 1575-നടുത്ത് അക്ബർക്ക് അസാധാരണമായ ഒരു ആദ്ധ്യാത്മികാനുഭൂതി കൈവന്നതായി 'ഇന്ത്യാചരിത്രം' എന്ന പുസ്തകത്തിൽ പേഴ്സിവൽസ്പിയർ പ്രസ്താവിക്കുന്നുണ്ട്. 'അക്കാലത്ത് അക്ബർ പകലുകളും രാത്രികളും പ്രാർത്ഥനയിൽ മുഴുകി കഴിച്ചുകൂട്ടി. തുടർന്ന് മതചർച്ചകളുടെ ഒരു കാലഘട്ടം ആയിരുന്നു. ഗോവയിൽനിന്നുള്ള പോർത്തുഗീസ് പുരോഹിതന്മാരും ബ്രാഹ്മണരും ജൈനരും സെറാസ്ട്രിയന്മാരും (പാഴ്സി മതപണ്ഡിതന്മാരും) ഈ ചർച്ചകളിൽ പങ്കുകൊണ്ടു. 1580-ൽ ഇസ്ലാമുമായുള്ള ബന്ധവിച്ഛേദത്തിലാണ് ഈ കാലഘട്ടം പര്യവസാനിച്ചത്.' ദീൻ-എ-ഇലാഹി (ദൈവമതം) എന്ന മതസ്ഥാപനത്തിൽ ചെന്നെത്തിയ അക്ബറുടെ ഈ ഹൃദയപരിവർത്തനത്തിന് ഒരു കാരണം ഹരിദാസസ്വാമിയുമായി അദ്ദേഹത്തിനുണ്ടായ സമ്പർക്കം ആണെന്നു പറയപ്പെടുന്നു.

വൃന്ദാവനത്തിൽ ഹരിദാസസ്വാമി 'ബാങ്കേബിഹാരീ മന്ദിർ' എന്ന പേരിൽ ഒരു കൃഷ്ണക്ഷേത്രം സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ പല പ്രദേശങ്ങളിൽനിന്നുമുള്ള തീർത്ഥാടകരുടെ ഒരു ആകർഷണകേന്ദ്രമാണ് ഈ ക്ഷേത്രം. ഹരിദാസസ്വാമി സ്ഥാപിച്ച മതസമ്പ്രദായത്തിൽ വിശ്വസിക്കുന്നവർ ഇപ്പോഴും ധാരാളമുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്.

ഹരിദാസസ്വാമിയുടെ പതിനെട്ടാം തലമുറയിൽ പിറന്ന ആചാര്യശ്രീ ഗോപാൽ ഗോസ്വാമി 1966-ൽ വൃന്ദാവനത്തിൽ ആണ്ടുതോറും 'ഹരിദാസസ്മൃതിസമാരോഹം' എന്ന പേരിൽ ഒരു സംഗീത-നൃത്ത-ഉത്സവം നടത്താൻ ആരംഭിച്ചു. കൂടുതൽ പ്രചാരം ഉദ്ദേശിച്ചായിരിക്കാം, ഈ ഉത്സവത്തിന്റെ ആസ്ഥാനം 1979-ൽ ദില്ലിയിലേക്കു മാററി. ഈ ആണ്ടിൽ ജൂൺ 28, 29, 30 തീയതികളിൽ ദില്ലിയിലെ സിരിഫോർട്ട് ആഡിറേറാറിയത്തിൽ നടന്ന 'സമാരോഹ'ത്തിൽ ഉത്തരേന്ത്യയിലെ പ്രശസ്തരായ ഒട്ടേറെ ഗായകരും നർത്തകരും പങ്കെടുത്തിരുന്നു. എന്നാലും തലസ്ഥാനത്തിലെ ഒരു തിയേറററിൽ നടക്കുന്ന ഒരു ചടങ്ങിന് ഒരു വിനോദോപാധി എന്നതിൽ കവിഞ്ഞ് ഒരു ആരാധനോത്സവം എന്ന പദവി എങ്ങനെ കൈവരാനാണ്? ദക്ഷിണേന്ത്യയിലെ ത്യാഗരാജോത്സവത്തിനു തുല്യമായ ജനപ്രീതിയാർജിക്കണമെങ്കിൽ 'ഹരിദാസസ്മൃതി സമാരോഹം' വൃന്ദാവനത്തിൽ അതിന്റെ സ്വാഭാവികപശ്ചാത്തലത്തിൽ വെച്ചുതന്നെ നടത്തേണ്ടിയിരിക്കുന്നു.

അതേതായാലും ഹിന്ദുസ്ഥാനി സംഗീതത്തിൽ താല്പര്യമുള്ള കേരളീയരുടെ ശ്രദ്ധ ആണ്ടുതോറും നടക്കുന്ന ഈ സംഗീതോത്സവത്തിൽ കൂടുതൽ പതിയുന്നതു നന്നായിരിക്കും. ക്ലാസിക്കൽ സംഗീതം അതിന്റെ തനിമയിൽ ആധികാരിക പ്രഭവങ്ങളിൽനിന്നുതന്നെ കേൾക്കാനുള്ള അവസരം അത്രയൊന്നും സുലഭമല്ലല്ലോ.

17 ജൂലൈ, 1989

## 73. ഗോവിന്ദ ഭഗവൽ പൂജ്യപാദരുടെ ഗുഹ

ആദിശങ്കരാചാര്യസ്വാമികളുടെ സന്ന്യാസദീക്ഷാഗുരു ശ്രീമദ് ഗോവിന്ദഭഗവൽ പൂജ്യപാദർ ആയിരുന്നു എന്ന വസ്തുത എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. സന്ന്യസിക്കുന്നതിന് അമ്മയുടെ സമ്മതം എട്ടാം വയസ്സിൽ നേടിയ ശങ്കരൻ ഗുരുവിനെ അന്വേഷിച്ച് കേരളത്തിലെ കാലടിയിൽനിന്ന് വടക്കോട്ടു യാത്രയായി. ഇന്ത്യയുടെ മദ്ധ്യഭാഗത്തിൽ പുണ്യസലിലയായ നർമദാനദിയുടെ തീരത്തിലുള്ള ഒരു പർവതഗുഹയിൽ തപസ്സ് അനുഷ്ഠിച്ചിരുന്ന ഗോവിന്ദ ഭഗവൽ പൂജ്യപാദരെപ്പറ്റി കേട്ടറിഞ്ഞ അദ്ദേഹം ആ മഹാത്മാവിനെ ഗുരുവായി മനസ്സാ വരിച്ചു. ചാതുർമാസ്യവ്രതം അനുഷ്ഠിക്കുകയായിരുന്ന ഗോവിന്ദ ഭഗവൽ പൂജ്യപാദർ അക്കാലത്ത് ഗുഹയിൽനിന്നു പുറത്തു വന്നിരുന്നില്ല. പക്ഷേ, അകത്തിരിക്കുന്ന ഭഗവൽപാദരുടെ ഒരു കാൽ ഗുഹയുടെ ചുവരിലുള്ള ഒരു വിള്ളലിലൂടെ പുറത്തു കാണാമായിരുന്നു. ശങ്കരൻ പുറത്തുനിന്ന് ആ പാദത്തെ ഭക്തിപൂർവം പൂജിച്ചു. 'നീ ആര്?' എന്ന് ഭഗവൽപാദർ അകത്തിരുന്നു ചോദിച്ചപ്പോൾ 'ഞാൻ പഞ്ചഭൂതങ്ങളല്ല, ഇന്ദ്രിയങ്ങളുമല്ല, കേവലനായ ആത്മാവാണ്'' (ന ഭൂമിർന്ന തോയം.... ശിവഃ കേവലോ ഽഹം) എന്ന് ശങ്കരൻ വിനീതനായി മറുപടി പറഞ്ഞു. ഭഗവൽ പൂജ്യപാദർ പുറത്തു വന്ന് ശങ്കരനെ ശിഷ്യനായി .സ്വീകരിക്കുകയും അദ്ദേഹത്തിന് സന്ന്യാസദീക്ഷ നൽകുകയും കാശിയിൽച്ചെന്നു താമസിച്ച് വേദാന്തസൂത്രങ്ങൾക്ക് ഭാഷ്യം എഴുതുവാൻ അദ്ദേഹത്തോടു നിർദേശിക്കുകയുംചെയ്തു. ഗോവിന്ദ ഭഗവൽപൂജ്യപാദരും ശങ്കരാചാര്യരും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തെപ്പറ്റി പൊതുവിൽ നിലവിലുള്ള ധാരണ ഇതാണ്.

ശങ്കരാചാര്യരെ ശിഷ്യനായി സ്വീകരിച്ച കാലത്ത് ഗോവിന്ദ ഭഗവൽ പൂജ്യപാദർ പാർത്തിരുന്ന ഗുഹ മദ്ധ്യപ്രദേശ് സംസ്ഥാനത്തിൽ 'ഓംകാരേശ്വർ' എന്ന സ്ഥലത്ത് നർമദാനദിയുടെ തീരത്തിൽ ഇപ്പോഴും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഒരു പുണ്യസ്ഥലമെന്ന നിലയിൽ ഈ ഗുഹ ധാരാളം തീർത്ഥാടകർ സന്ദർശിച്ചുവരുന്നു. കാഞ്ചീപുരത്തുള്ള കാഞ്ചികാമകോടി പീഠത്തിലെ ശങ്കരാചാര്യ പരമ്പര വിശ്വസിക്കുന്നത് ഓംകാരേശ്വറിലെ ഗുഹയിൽവെച്ചാണ് ഗോവിന്ദ ഭഗവൽ പാദർ ആദിശങ്കരാചാര്യർക്ക് സന്ന്യാസം നൽകിയതെന്നാണ്. കാഞ്ചികാമകോടി മഠാധിപതിയുടെ ഒരു ഭക്തനാണ് രാഷ്ട്രപതി ശ്രീ വെങ്കട്ടരാമൻ. 1988 ജൂൺ 26–ാം തീയതി ശ്രീ വെങ്കട്ടരാമൻ ഓംകാരേശ്വറിലെ ഗുഹ സന്ദർശിക്കുകയുണ്ടായി. ഈ ഗുഹയ്ക്കടുത്ത് കാഞ്ചി കാമകോടി മഠത്തിന്റെ ഉടമയിൽ ഒരു 'ശങ്കരകേന്ദ്രം' സ്ഥാപിക്കുന്നതിന് ശ്രീ വെങ്കട്ടരാമന്റെ അഭ്യർത്ഥനയനുസരിച്ച് അന്ന് മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ അർജ്ജുൻസിംഹ് പത്ത് ഏക്കർ സ്ഥലം നാമമാത്രമായ ആയിരത്തി ഒരുനൂറു രൂപ വിലയ്ക്ക് വാങ്ങിക്കൊടുത്തു. ഓംകാരേശ്വറിൽ 'കാഞ്ചികാമകോടി ട്രസ്റ്റ്'' എന്ന പേരിൽ ഒരു ധർമസ്ഥാപനം നിലവിൽവന്നിട്ടുമുണ്ട്.

പരമമായ സത്യം ഒന്നേ ഉള്ളൂ എന്ന 'അദ്വൈത'സിദ്ധാന്തത്തിന് സ്ഥിരപ്രതിഷ്ഠ നൽകിയ ദാർശനികനാണ് ആദിശങ്കരാചാര്യർ. പക്ഷേ, അദ്ദേഹം